**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി – മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.എ.)വകുപ്പ്**

സ.ഉ.(എം.എസ്.)നമ്പർ.91/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 07.05.2010.

പരാമർശം: സ.ഉ.(സാധാ.)നം.3369/2009/തസ്വഭവ; തീയതി 18.12.2009.

**ഉത്തരവ്**

കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാമീണ വൈദ്യുതീകരണ നയമനുസരിച്ച് പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ഗവൺമെന്റുകൾ ഗ്രാമീണ വൈദ്യുതീകരണ പദ്ധതി തയ്യാറാക്കി നടപ്പാക്കേണ്ടതുണ്ട്. ഇതിന് അനുസൃതമായി സംസ്ഥാനത്ത് നടപ്പാക്കേണ്ട സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ നിർദ്ദേശങ്ങൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. വൈദ്യുതി ബോർഡിന്റെ വിഹിതം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം, എം.പി.യുടെ പ്രാദേശിക വികസന പരിപാടി (MPLAD), എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് (MLASDF) മുതലായ സ്രോതസുകളിലൂടെ ലഭ്യമാകുന്ന ഫണ്ടുകൾ സമന്വയിപ്പിച്ച് അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് വൈദ്യുതി ബോർഡ് സമർപ്പിച്ചിട്ടുള്ളത്.

2. ഏതാനും അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ഇതിനകം ഈ പദ്ധതി വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. അവയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കുന്നതിനും പൊതുവായ മാർഗനിർദ്ദേശങ്ങൾ നിശ്ചയിക്കേണ്ടതുണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിഷയം പഠിച്ച് റിപ്പോർട്ട് നൽകാൻ പരാമർശത്തിലെ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തയ്യാറാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഈ പദ്ധതിക്കായി വിനിയോഗിക്കുന്നതിനും സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

3. അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിലാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തയ്യാറാക്കേണ്ടത്. ഈ പദ്ധതി നടപ്പാക്കാൻ അവശേഷിക്കുന്ന നിയോജക മണ്ഡലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.1 എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വൈദ്യുതീകരിച്ചിട്ടില്ലാത്ത പ്രദേശങ്ങളുടെ വിവരങ്ങൾ ഊർജ്ജമേഖലാ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്. വൈദ്യുതി ബോർഡിന്റെ പ്രതിനിധികൾ, വൈദ്യുതി ബോർഡിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥർ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ മുതലായവരെ ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പ് ശക്തിപ്പെടുത്താവുന്നതാണ്.

3.2 വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന വൈദ്യുതീകരിക്കാത്ത പ്രദേശങ്ങളുടെ റിപ്പോർട്ടിൽ ഖണ്ഡിക 3.12–ലെ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങൾ വിനിയോഗിക്കാൻ കഴിയുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

3.3 വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് സാധ്യതാ പഠനം നടത്തേണ്ടതും തുടർന്ന് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതുമാണ്. താഴെപ്പറയുന്ന പ്രവൃത്തികളെ അടിസ്ഥാനമാക്കി ഖണ്ഡിക 3.4, 3.12 എന്നിവയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് പ്രത്യേകം എസ്റ്റിമേറ്റുകൾ തയ്യാറാക്കണം.

(1) 11 കെ.വി.ലൈൻ ദീർഘിപ്പിക്കൽ

(2) ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

(3) എൽ.ടി.ലൈൻ ദീർഘിപ്പിക്കൽ

(4) നിലവിലുള്ള സിംഗിൾഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റൽ

(5) എൽ.ടി.ലൈനിൽനിന്നും വീടിന് സമീപം വരെ ലൈൻ വലിക്കൽ (construction of overhead line)

(6) സർവ്വീസ് കണക്ഷൻ നൽകുന്നതിന് വെദർ പ്രൂഫ് ലൈൻ വലിച്ച് മീറ്ററും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ

3.4 എസ്.സി.പി., ടി.എസ്.പി. വിഭാഗങ്ങളിൽ ഉൾപ്പെടുത്താൻ കഴിയുന്ന പ്രവൃത്തികൾക്ക് പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

3.5 എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന മുറയ്ക്ക് വിഭവ വകയിരുത്തൽ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം ജില്ലാ ആസൂത്രണ സമിതിക്കുവേണ്ടി ജില്ലാ കളക്ടർ അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിളിച്ചുചേർക്കേണ്ടതാണ്. യോഗത്തിൽ എം.പി., എം.എൽ.എ., ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷൻമാർ, സെക്രട്ടറിമാർ, ഊർജ്ജമേഖലാ വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർമാൻ/കൺവീനർ, വൈദ്യുതി ബോർഡിന്റെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിക്കണം. യോഗം വിളിച്ചുചേർക്കുന്നതിന് ജില്ലാ കളക്ടറെ ജില്ലാ പ്ലാനിംഗ് ഓഫീസർ സഹായിക്കേണ്ടതാണ്. ഈ യോഗത്തിൽ വച്ച് വിവിധ പരിപാടികളിൽ ഉൾപ്പെടുത്താൻ കഴിയുന്നതും വിവിധ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് തീരുമാനിക്കണം.

3.6 ഖണ്ഡിക 3.2-ൽ പ്രതിപാദിച്ചിട്ടുള്ള പ്രവൃത്തികളിൽ അവസാന ഇനം ഒഴികെയുള്ള എല്ലാ പ്രവൃത്തികളും വിഭവ ലഭ്യതയനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. വിഭവലഭ്യതയ്ക്കനുസരിച്ച് ബി.പി.എൽ. കുടുംബങ്ങളുടെ വീട് വയറിംഗ് പ്രോജക്ടുകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. വെദർ പ്രൂഫ് ലൈൻ വലിച്ച് മീറ്റർ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി വൈദ്യുതി ബോർഡ് നടപ്പാക്കുന്നതാണ്.

3.7 ഒരു പ്രവൃത്തി പൂർണ്ണമായും ഒരു തദ്ദേശഭരണ സ്ഥാപനം ഏറ്റെടുക്കുകയോ ഒരു പരിപാടിയിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്ന സമീപനമായിരിക്കണം സ്വീകരിക്കേണ്ടത്. ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിക്കകത്ത് നടപ്പാക്കുന്ന പ്രവൃത്തികൾ മാത്രമെ ആ തദ്ദേശഭരണ സ്ഥാപനം ഏറ്റെടുക്കാൻ പാടുള്ളൂ. ഒന്നിലേറെ തദ്ദേശഭരണ സ്ഥാപനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പ്രവൃത്തി ബന്ധപ്പെട്ട ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുകയോ എം.പി.എൽ.എ.ഡി., എം.എൽ.എ.എസ്.ഡി.എഫ് മുതലായ പരിപാടികളിൽപ്പെടുത്തുകയോ വേണം.

3.8 ഖണ്ഡിക 3.12 പ്രകാരം പട്ടികജാതി/പട്ടികവർഗക്കാർക്ക് പ്രയോജനപ്പെടുന്ന പ്രവൃത്തികൾക്ക് മാത്രമെ പ്രത്യേക ഘടകപദ്ധതി/പട്ടികവർഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാൻ പാടുള്ളൂ.

3.9 എം.പി.എൽ.എ.ഡി., എം.എൽ.എ.എസ്.ഡി.എഫ് മുതലായ പരിപാടികളുടെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും വകയിരുത്തിയതിനുശേഷം അവശേഷിക്കുന്ന പ്രവൃത്തികൾ താഴെപ്പറയുന്ന നിബന്ധനയ്ക്ക് വിധേയമായി വൈദ്യുതിബോർഡ് നടപ്പാക്കുന്നതാണ്. സർവീസ് കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി വെദർ പ്രൂഫ് ലൈൻ വലിക്കൽ, മീറ്റർ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കൽ മുതലായവ ഉൾപ്പെടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി ഒരു അസംബ്ലി നിയോജക മണ്ഡലത്തിന് പരമാവധി ഒരു കോടി രൂപ എന്ന നിരക്കിൽ വൈദ്യുതി ബോർഡ് വിഹിതം വകയിരുത്തുന്നതാണ്.

3.10 ജില്ലാ കളക്ടർ നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിളിച്ചുചേർക്കുന്ന യോഗത്തിൽ വച്ചുതന്നെ വിഭവ വകയിരുത്തൽ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കേണ്ടതാണ്. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ഏജൻസിയും ഏതൊക്കെ പ്രവൃത്തികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ വൈദ്യുതി ബോർഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സഹായത്തോടുകൂടി ജില്ലാ പ്ലാനിംഗ് ഓഫീസർ തയ്യാറാക്കേണ്ടതും ജില്ലാ കളക്ടറുടെ അംഗീകാരത്തോടുകൂടി ഇതിന്റെ പകർപ്പ് പദ്ധതിയിൽ പങ്കാളികളാകുന്ന ഏജൻസികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, എം.പി., എം.എൽ.എ. എന്നിവർക്ക് നൽകേണ്ടതുമാണ്.

3.11 ജില്ലാ കളക്ടർ വിളിച്ചുചേർക്കുന്ന യോഗത്തിൽവച്ച് ധാരണയായതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കേണ്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും നിശ്ചിത ഫോർമാറ്റിൽ കരാറിൽ ഏർപ്പെട്ട് ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി നടപ്പാക്കിയതിനുശേഷം വൈദ്യുതിബോർഡ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

3.12 ഒരു പ്രവൃത്തിയുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50 ശതമാനത്തിലധികവും പട്ടികജാതി/പട്ടികവർഗക്കാർ ആണെങ്കിൽ മാത്രമെ പ്രത്യേക ഘടക പദ്ധതി/പട്ടിക വർഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാൻ പാടുള്ളൂ. മാത്രമല്ല, ഏറ്റവും കുറഞ്ഞത് 5 കുടുംബങ്ങളെങ്കിലും ഉണ്ടായിരിക്കണം. എന്നാൽ ഒറ്റപ്പെട്ട വീടുകളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുവാൻ നിലവിലുള്ള വൈദ്യുതി ലൈനിൽനിന്നും ലൈൻ ദീർഘിപ്പിക്കുന്നതിന് വേണ്ട വിഹിതം വ്യക്തിഗത പ്രോജക്ടുകളെന്ന നിലയിൽ പ്രത്യേക ഘടകപദ്ധതി/ പട്ടികവർഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇപ്രകാരം പ്രോജക്ടുകൾ ഏറ്റെടുക്കുകയാണെങ്കിൽ ഓരോ കുടുംബത്തിനും വേണ്ടി പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കണം.

3.13 2010–11 മുതൽ ഓരോ വർഷവും ഈ പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുക്കുന്ന നിയോജക മണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് വൈദ്യുതി ബോർഡ് നിശ്ചയിച്ച് ജില്ലാ കളക്ടർമാരെ അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കൽ പ്രക്രിയ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ സമിതി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. ഓരോ പ്രവർത്തനഘട്ടവും പൂർത്തിയാക്കേണ്ട തീയതി കൂടി നിശ്ചയിച്ച് നൽകണം.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9 പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
10 ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11 ചീഫ് എഞ്ചിനീയർ, വൈദ്യുതി ബോർഡ്
12 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
13 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
14 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

15 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
16 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
18 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
20 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
21 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
22 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
23 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
25 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
26 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
27 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
28 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
29 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
32 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
33 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
34 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. വൈദ്യുതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
5. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾ

അനുബന്ധം

# പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിവിധ ഏജൻസികൾ നടപ്പാക്കുന്ന പ്രവൃത്തികൾ

ജില്ല . . . . . . . . . . . . . . . . . . . . . . . . . അസംബ്ലി നിയോജക മണ്ഡലം . . . . . . . . . . . . . . . . . . . . .

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ തരം * | ഏത് ഗ്രാമപഞ്ചായത്തിന്റെ/ നഗര സഭയുടെ പ്രവർത്തന പരിധിയി ലാണ് പ്രവൃത്തി നടപ്പാക്കുന്നത് @ | എസ്റ്റിമേറ്റ് തുക (രൂപയിൽ) | ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ ധാരണയായതു പ്രകാരം പ്രവൃത്തി നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനം/ഏജൻസി/പരിപാടി | തദ്ദേശഭരണ സ്ഥാപനമാണ് പ്രവൃത്തി നടപ്പാക്കുന്നതെങ്കിൽ ഉൾപ്പെടുത്താവുന്ന വിഭാഗം (GEN/SCP/TSP) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | ആകെ | x | x | | x | x |

കുറിപ്പ്: * പ്രവൃത്തിയുടെ തരം :1. 11 കെ.വി.ലൈൻ ദീർഘിപ്പിക്കൽ, 2. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 3. എൽ.ടി.ലൈൻ ദീർഘിപ്പിക്കൽ, 4. സിംഗിൾഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റൽ, 5. എൽ.ടി.ലൈനിൽനിന്നും വീടിന് സമീപം വരെ ലൈൻ വലിക്കൽ (construction of over head line), 6. സർവ്വീസ് കണക്ഷൻ നൽകുന്നതിന് വെദർ പ്രൂഫ് ലൈൻ വലിച്ച് മീറ്ററും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ.

@ ഒന്നിലേറെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിലാണ് പ്രവൃത്തി നടപ്പാക്കുന്നതെങ്കിൽ ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പേര് രേഖപ്പെടുത്തണം.

സ്ഥലം:
തീയതി:

(ഓഫീസ് സീൽ)

ഒപ്പ്
ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി
ജില്ലാ ആസൂത്രണ സമിതി